ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടികൈക്കുവേണ്ടി നിവേദനം ബി. ആൻറ്. ആർ. ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

പഞ്ചായത്തുറോഡുകൾ പി. ഡബ്ളിയു. ഡി. ഏറെടുക്കാൻ നടപടി

1381. [1972] ശ്രീ. എം. ജിനദേവൻ :

,, വി. എസ്. ചന്ദ്രശേഖരൻ നായർ :

,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85-ൽ സംസ്ഥാനത്ത് എത്ര കിലോമീറ്റർ പഞ്ചായത്തു റോഡുകൾ പി. ഡബ്ളിയു. ഡി. ഏറെടുത്തിട്ടുണ്ട് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 444.256 കിലോമീറ്റർ.

(ബി)

തിരുവനന്തപുരം	12.97	കിലോമീറ്റർ
കൊല്ലം	12.86	,,
പത്തനംതിട്ട	14.48	,,
കോട്ടയം	11.755	,,
ഇടുക്കി	26.61	,,
എറണാകുളം	8.44	,,
തൃശ്ശൂർ	1.20	,,
പാലക്കാട്	63.855	,,
മലപ്പുറം	37.76	,,
വയനാട്	19.41	,,
കണ്ണൂർ	167.026	,,
കാസർകോട്	67.89	,,
	444.256	,,

ഏഴിമല നേവൽ അക്കാഡമി പ്രദേശത്തേക്ക് ഗവൺമെൻറ് നിർമ്മിച്ചു കൊടുക്കേണ്ട റോഡുകളും പാലങ്ങളും

1382. [1973] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാഡമി പ്രദേശത്തേക്ക് സംസ്ഥാന ഗവൺമെൻറ് നിർമ്മിച്ചുകൊടുക്കേണ്ട റോഡുകൾ ഏതൊക്കെയാണ് ; പാലങ്ങൾ ഏതൊക്കെയാണ് ;

(ബി) ഇതിൽ ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും പണിയാണ് ആരംഭിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly